## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3328 **19.10.2016**-ലെ മറുപടിക്ക്

<u>നായാടി സമുദായ കുടുംബങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ബാബു** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ നായാടി സമുദായ വിഭാഗത്തിലുള്ള എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ നായാടി സമുദായ വിഭാഗത്തിലുള്ള 66 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. |
| (ബി) | ഈ സമുദായ വിഭാഗത്തിലുള്ളവരുടെ സാമൂഹ്യ പുരോഗതിക്കായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിശദമാക്കുമോ ? | (ബി) | നായാടി സമുദായ വിഭാഗത്തിന് ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും ഭവനം നിർമ്മിക്കുന്നതിന് 3.50 ലക്ഷം രൂപയും ചേർത്ത് ഒരൊറ്റ യൂണിറ്റായി ആകെ 7.25 ലക്ഷം രൂപ നൽകി വരുന്നു. കൂടാതെ ഇവരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി (വൈദ്യുതി, കിണർ / കുഴൽക്കിണർ, ടോയ്‌ലെറ്റ്, മെയിന്റനൻസ്, ചുറ്റുമതിൽ നിർമ്മാണം) എന്നിവയ്ക്ക് ധനസഹായം അനുവദിച്ചു വരുന്നു.<br>ഈ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും, ലംപ്സം ഗ്രാന്റും താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |

| തലം | നിലവിലുണ്ടായിരുന്ന തുക | | വർദ്ധിപ്പിച്ച തുക | |
|---|---|---|---|---|
| | സ്റ്റൈപ്പന്റ് | ലംപ്സം ഗ്രാന്റ് | സ്റ്റൈപ്പന്റ് | ലംപ്സം ഗ്രാന്റ് |
| എൽ.പി വിഭാഗം | 100 | 250 | 130 | 320 |
| യു.പി വിഭാഗം | 125 | 500 | 160 | 630 |
| ഹൈസ്കൂൾ വിഭാഗം | 150 | 750 | 190 | 940 |

വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ